**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3120 | 20.12.2012-ൽ മറുപടിയ്ക്ക്

## തലസ്ഥാന വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എം.എ.വാഹിദ്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | തലസ്ഥാന വികസനത്തിനായി റ്റി.ആർ.ഡി.സി.എല്ലുമായി കരാർ ഉണ്ടാക്കിയത് എന്നാണ് ; എത്ര രൂപയുടെ കരാറാണ് ഉണ്ടാക്കിയിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (എ) | തലസ്ഥാന നഗര റോഡു വികസനത്തിനായി തിരുവനന്തപുരം റോഡു വികസന കമ്പനിയുമായി 16.03.2004-ലാണ് ആദ്യ കരാർ ഒപ്പിട്ടത്. ബി.ഒ.റ്റി-ആന്വിറ്റി അടിസ്ഥാനത്തിൽ നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട 42 കി.മീ റോഡുകളുടെ വികസനവും 15 വർഷത്തെ പരിപാലനവുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ആന്വിറ്റി തുകയായി 17.749 കോടി രൂപ വീതമുള്ള 30 അർദ്ധ വാർഷിക ഗഡുക്കളാണ് കരാർ പ്രകാരം കമ്പനിക്ക് നൽകേണ്ടത്. 8 മാസത്തിനുള്ളിൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് കൊടുക്കണമെന്നായിരുന്നു കരാർ വ്യവസ്ഥ. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പദ്ധതിക്കാവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് നൽകാതിരുന്നതിനെ തുടർന്ന് സ്ഥലം ലഭ്യമാക്കിയ ഏകദേശം 14 കി.മീ ദൈർഘ്യമുള്ള റോഡു നിർമ്മാണം പൂർത്തിയാക്കിയശേഷം കമ്പനി പണി നിർത്തിവച്ചു. പിന്നീട് പദ്ധതിക്കാവശ്യമായ 85% സ്ഥലം ഏറ്റെടുത്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി 04.01.2008 ൽ കമ്പനിയുമായി ഒരു അനുബന്ധ കരാർ ഒപ്പുവെച്ചു. എന്നാൽ പദ്ധതി പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ ജപ്പാൻ ധനസഹായത്തോടെയുള്ള ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ചില തടസ്സങ്ങൾ ഉണ്ടായതിനെ തുടർന്ന് നിർമ്മാണ പ്രവൃത്തികൾ പൂർണമായി പുനരാരംഭിക്കാനായില്ല. തുടർന്ന് 01.05.2009-ൽ കമ്പനിയുമായി വീണ്ടും ഒരു കരാർ ഒപ്പിടുകയുണ്ടായി. |
| (ബി) | ഇതുവരെ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി ; ഇനി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട് ; വ്യക്തമാക്കുമോ ; | (ബി) | പദ്ധതിയിൽ ഉൾപ്പെടുന്ന തകരപ്പറമ്പ് ഫ്ലൈ ഓവർ, പേട്ട റെയിൽവേ മേൽപ്പാലത്തിന്റെ വികസനം, പാറ്റൂർ സെമിത്തേരിയുടെ വശത്തുള്ള റോഡു വികസനം, വഞ്ചിയൂർ തോടിന്റെ മുകളിലുള്ള റോഡ് നിർമ്മാണം, പഴവങ്ങാടി-അട്ടക്കുളങ്ങര ഭാഗത്തെ റോഡു വികസനം |

തുടങ്ങി ഏതാനും ചില പ്രവൃത്തികൾ ഒഴികെ പദ്ധതിയുടെ ബാക്കി നിർമ്മാണപ്രവൃത്തികൾ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. വികസിപ്പിച്ച അട്ടക്കുളങ്ങര-ഈഞ്ചയ്ക്കൽ റോഡിലും കുമാരപുരം എൻ.എച്ച്.ബൈപാസ് റോഡിലും ഓരോ കലുങ്കുകൾ കൂടി ചെയ്തു തീർക്കുവാനുണ്ട്. ഇതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. വികസിപ്പിച്ച മറ്റുറോഡുകളിലെ നടപ്പാത നിർമ്മാണം തുടങ്ങി. അവശേഷിക്കുന്ന ചില പ്രവൃത്തികൾ 2 മാസത്തിനുള്ളിൽ തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി നിർമ്മാണം ബി.ഒ.റ്റി വ്യവസ്ഥയിലായതിനാൽ ചെയ്തു തീർത്ത പ്രവൃത്തികളുടെയും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെയും ചെലവ് കൃത്യമായി കണക്കാക്കാനാവില്ല.

(സി) റ്റി.ആർ.ഡി.സി.എല്ലിന് ആർബിട്രേഷൻ വഴി എന്തു തുക നൽകി ; ഇതിന് കാരണമായ സാഹചര്യം എന്താണ് ; വ്യക്തമാക്കുമോ ?

(സി) 2006-ൽ നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി വൈകിയതിനെതുടർന്ന് കമ്പനിക്കുണ്ടായ അധികബാധ്യത ആർബിട്രേഷൻ വഴി പരിഹരിക്കാമെന്ന് സർക്കാർ ഉത്തരവായിരുന്നു. അതനുസരിച്ച് അധിക നഷ്ടപരിഹാരമായി കമ്പനി 286.24 കോടി രൂപ ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ അവകാശവാദം ഉന്നയിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലുണ്ടായ കാലതാമസവും പദ്ധതി പ്രദേശങ്ങളിലെ ജല വിതരണ കുഴലുകൾ, വൈദ്യുത ലൈനുകൾ, വൈദ്യുത ട്രാൻസ്ഫോർമറുകൾ തുടങ്ങിയ തടസ്സങ്ങൾ നീക്കുന്നതിലുണ്ടായ കാലതാമസവും പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ കോടതി വ്യവഹാരങ്ങൾ മൂലവും നിശ്ചിത സമയത്ത് കമ്പനിക്ക് പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ഇക്കാലയളവിൽ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വില വർദ്ധനവ് കമ്പനിയുടെ തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും നിലനിർത്തേണ്ടി വന്നതിലുണ്ടായ അധികചെലവ്, കമ്പനിക്ക് വായ്പ നൽകിയ ബാങ്കുകൾക്ക് കാലതാമസം മൂലം നൽകേണ്ടിവന്ന അധിക പലിശ എന്നിവ കണക്കാക്കി ആർബിട്രേഷൻ ട്രിബ്യൂണൽ, കമ്പനിക്ക് 124.947 കോടി രൂപ അനുവദിച്ച് അവാർഡ് പാസാക്കുകയുണ്ടായി. ആർബിട്രേഷൻ അവാർഡ് സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ച ശേഷം അംഗീകരിക്കുകയും അതനുസരിച്ച് പ്രസ്തുത തുക കമ്പനിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ